# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **11-10-2024 - ൽ മറുപടിയ്ക്ക്**

**സുവോളജി ബിരുദ/ ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാദ്ധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അനിമൽ ഹസ്ബന്ററി വകുപ്പിലും മറ്റ് ഇതര വകുപ്പുകളിലും സുവോളജി ബിരുദ/ ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാദ്ധ്യത നഷ്ടപ്പെട്ട് ഇവർ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലും മൃഗശാല വകുപ്പിലും സുവോളജി ബിരുദ / ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാദ്ധ്യത നഷ്ടപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ബിരുദ/ബിരുദാനന്തരബിരുദധാരികൾക്ക് നിലവിൽ എന്തെല്ലാം തൊഴിൽ സാദ്ധ്യതകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | സുവോളജി ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്ക് മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലും അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഒന്നും തന്നെ നിലവിലില്ല .<br><br>എന്നാൽ മൃഗശാല , മ്യൂസിയം , നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം എന്നിവിടങ്ങളിലെ ക്യൂറേറ്റർ തസ്തികയുടെ യോഗ്യത സുവേളജി ബിരുദം ആണ്. കൂടാതെ മൃഗശാലയിൽ ബയോളജിസ്റ്റ് തസ്തികയുടെ യോഗ്യത സുവോളജിയിൽ ബിരുദാനന്തര ബിരുദവും ആണ്. |

സെക്ഷൻ ഓഫീസർ